ഉത്തരം

(എ) ബഹു: ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാരിപ്പള്ളി-മടത്തറ റോഡിന്റെ കി.മീ. 19/600 മുതൽ 33/097 വരെയുള്ള ഭാഗത്തെ അത്യാവശ്യ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള കരാറുകാരനുമായുള്ള എഗ്രിമെന്റ് ടിയാളുടെ നഷ്ടോത്തരവാദത്തിൽ റദ്ദ് ചെയ്യുകയും ബാക്കിപ്പണികൾ പൂർത്തിയാക്കുന്നതിന് നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) & (സി) അതിന്റെ അടിസ്ഥാനത്തിൽ ഇനി ചെയ്തുതീർക്കുവാനുള്ള ബാക്കിപ്പണികൾക്ക് വേണ്ടി പുതിയ ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. ക്വട്ടേഷൻ അംഗീകരിച്ച് പണി എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്.

കല്ലുവാതുക്കൽ ജംഗ്ഷനിൽ നാഷണൽ ഹൈവേ നാലുവരിപ്പാത ആക്കുന്നതിന് നടപടി

99 [412] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ ജംഗ്ഷനിൽ എൻ.എച്ച്. നാലുവരിപ്പാതയാക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വർക്ക് എന്ന് ആരംഭിച്ച് എപ്പോൾ പൂർത്തിയാക്കും;

(സി) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ നിന്നും എൻ.എച്ച്-ൽ പ്രവേശിക്കുന്ന ഊന്നുവിള ജംഗ്ഷനിൽ ട്രാഫിക് ശാസ്ത്രീയമായി ക്രമീകരിക്കുവാൻ നാലുവരിപ്പാത ഉടൻ നിർമ്മിക്കുമോ; ആയത് എന്ന് പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കല്ലുവാതുക്കൽ ജംഗ്ഷൻ അഭിവൃദ്ധിപ്പെടുത്തുന്നതിനായുള്ള എസ്റ്റിമേറ്റ് സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിന് അംഗീകാരത്തിനായി സമർപ്പിക്കാൻ നടപടികൾ എടുത്തു വരുന്നു.

(ബി) അംഗീകാരം കിട്ടുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(സി) ചേർത്തല മുതൽ കളിയാക്കാവിള വരെ എൻ.എച്ച്- 47 നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. ഊന്നുവിള ജംഗ്ഷൻ പ്രസ്തുത നാലുവരിപ്പാതയിൽ ഉൾപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly